**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3260** **11-03-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ പ്രൊഫഷണൽ മികവ് പരിപോഷിപ്പിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതിക പരിജ്ഞാനവും പ്രൊഫഷണൽ മികവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ സ്കൂൾ വിദ്യാഭ്യാസ കാലത്ത് തന്നെ അവരുടെ മികവിന് അനുസൃതമായി ആവശ്യമായ പ്രോത്സാഹനം നൽകി പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ മേഖലകളിൽ മികവ് പ്രകടമാക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്കായി ന്യൂമാറ്റ്സ് (Nurturing Mathematical Talents in Schools), STEPS (Students Talents Enrichment Programme in Social Science) എന്നീ പഠനപോഷണ പരിപാടികൾ എസ്.സി.ഇ.ആർ.ടി. മുഖേന നടത്തിവരുന്നു. കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരിച്ചതിന്റെ ഭാഗമായി 'തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം' എന്ന പേരിൽ പുതിയ ഒരു വിഷയം കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. അതിൻപ്രകാരം കൃഷി, പാർപ്പിടം, ഭക്ഷ്യവ്യവസായം, പാഴ്‌വസ്തുക്കൾ, ടൂറിസം, സാമ്പത്തിക സാക്ഷരത, മാധ്യമങ്ങളും വിനോദങ്ങളും, പ്ലംബിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, വസ്ത്രം,, പ്രിന്റിംഗ് & പാക്കേജിംഗ് എന്നീ മേഖലകളിൽ പ്രവർത്തന പുസ്തകങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.<br><br>സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ സ്കൂൾ കുട്ടികളുടെ മികവിന് അനുസൃതമായി ആവശ്യമായ പ്രോത്സാഹനം നൽകി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും എന്തെങ്കിലും സ്ഥിരം സംവിധാനം വിദ്യാഭ്യാസ വകുപ്പിന് കീഴിലുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഉണ്ട്. കുട്ടികളുടെ മികവിന് അനുസൃതമായി പരിശീലിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും നിലവിൽ കെ-ഡിസ്ക്, അസാപ്പ്, കേരള സ്റ്റാർട്ടപ് മിഷൻ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ഐസർ, കുസാറ്റ്, മറ്റ് യൂണിവേഴ്സിറ്റികൾ തുടങ്ങിയ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1 . സ്കഫോൾഡ് :

പൊതുവിദ്യാഭ്യാസവകുപ്പിൽ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിന് മതിയായ അക്കാദമിക പിന്തുണയും ഓറിയന്റേഷനും പിന്തുണയും നൽകുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്കഫോൾഡ്. ഈ പരിപാടിയുടെ ഭാഗമായി പഠന വിഷയങ്ങൾക്ക് അക്കാദമിക പിന്തുണ നൽകൽ, ലൈഫ് സ്കിൽ ഓറിയന്റേഷൻ, ആശയവിനിമയ വൈവിദഗ്ധ്യ പരിശീലനം, വ്യക്തിത്വ വികസന പരിശീലനം, തുടങ്ങിയവ നൽകുകയും ജീവിതത്തിലെ വെല്ലുവിളികളെ നേരിടാൻ ആത്മവിശ്വാസമുള്ളവരാകാനും ലക്ഷ്യബോധമുള്ളവരാകാനും വിദ്യാർത്ഥികളെ സഹായിക്കുകയും ചെയ്യുന്നു.

2. ടിങ്കറിംഗ് ലാബുകൾ :

പ്രൈമറി ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളിലെ ശാസ്ത്ര അഭിരുചി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020-21 വർഷം മുതൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിൽ ടിങ്കറിംഗ് ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ശാസ്ത്രപഠനം ക്രിയാത്മകവും രസകരവുമാക്കി മാറ്റുക, ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തിയെടുക്കുക എന്നതും ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. കുട്ടികൾക്ക് സ്വയം പ്രവർത്തിച്ച് പഠിക്കാനുള്ള ഉപകരണങ്ങൾ ഉൾപ്പെട്ട കിറ്റുകൾ, ത്രീഡി പ്രിന്റർ, വൈബ്രേറ്റിംഗ് മോട്ടോർ, സെൻസർ ടെക്നോളജി കിറ്റ്, റോബോട്ടിക് കിറ്റ് തുടങ്ങിയ ഉപകരണങ്ങൾ ലാബിൽ ലഭ്യമാക്കിയിട്ടുണ്ട്. സെൻസർ അലാറം, ഇലക്ട്രോണിക് ഉപകരണങ്ങളുടെ പാർട്സുകളുടെ നിർമാണം, ഫർണിച്ചർ, ആഭരണം എന്നിവയുടെ പാർട്സ് നിർമ്മാണം, ഫാഷൻ വസ്തുക്കളുടെ നിർമാണം, ടൂൾ & ഡൈമേക്കിംഗ്, ഫുഡ് മാനുഫാക്ചറിംഗ്, ബയോപ്രിന്റിംഗ്, സ്ട്രീറ്റ് ലൈറ്റ്, ട്രാഫിക് ക്യാമറകൾ, വ്യവസായ മേഖല, നിർമ്മിതബുദ്ധി, ഡാറ്റാ അനലിറ്റിക്സ്, കുറ്റകൃത്യങ്ങളിൽ മുഖം തിരിച്ചറിയൽ, ബിഗ് ഡാറ്റാ തുടങ്ങി നിരവധി മേഖലകളിൽ പ്രയോജനപ്പെടുത്താവുന്ന പ്രവർത്തനങ്ങൾ ടിങ്കറിംഗ് ലാബുകളിലൂടെ കുട്ടികൾക്ക് മനസ്സിലാക്കുവാൻ സാധിക്കും. സംസ്ഥാനത്ത് 2024-25 വർഷത്തോടെ 123 സ്കൂളുകളിൽ ടിങ്കറിംഗ് ലാബുകൾ സജ്ജമാകും.

3. സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ :

കുട്ടികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് ആധുനിക ലോകത്ത് തൊഴിൽ സാധ്യതയുള്ള അറിവും നൈപുണ്യവും നൽകുക എന്ന ലക്ഷ്യത്തോടെ സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ. തെരഞ്ഞെടുത്ത 210 എച്ച്.എസ്.എസ്/ വി.എച്ച്.എസ്.എസ് സ്കൂളുകളിലാണ് സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നത്. ഇതിൽ 14 സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ പൈലറ്റ് അടിസ്ഥാനത്തിൽ 2023-24 വർഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 15 വയസ്സിനും 23 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്കാണ് അഡ്മിഷൻ നൽകുന്നത്. കോഴ്സിന്റെ കാലാവധി 6 മാസം/400 മണിക്കൂർ ആണ്. പൊതുവിദ്യാഭ്യാസഡയറക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു സമിതിയാണ് ജോബ് റോളുകൾ തെരെഞ്ഞെടുത്തത്.

4. ക്രിയേറ്റീവ് കോർണർ:

പൊതുവിദ്യാഭ്യാസ മേഖലയിലെ അപ്പർ പ്രൈമറി(5,6,7) ക്ലാസ്സുകളിലെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളെ ക്രിയാത്മകമാക്കുന്നതിനുള്ള പഠനാന്തരീക്ഷം ഒരുക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയാണ് ക്രിയേറ്റീവ് കോർണർ. ഇതിലൂടെ വിവിധ വിഷയങ്ങളുടെ ക്ലാസ്റ്റും പഠനപ്രവർത്തനങ്ങളെ കൂടുതൽ പ്രക്രിയാ ബന്ധിതവും ക്രിയാത്മകവും രസകരവുമാക്കാൻ കഴിയുന്നു. കുട്ടികൾ കൂടുതൽ ശേഷികൾ ആർജ്ജിക്കുകയും അതുവഴി കൂടുതൽ ആത്മവിശ്വാസമുള്ളവരുമായി മാറുകയും ചെയ്യുന്നു.

5. CRAFT (Camp for work related Activities in Fun Time) :

ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയമേഖലകളെ തൊഴിലുമായി ബന്ധപ്പെടുത്തി തൊഴിലധിഷ്ഠിത ഉദ്ഗ്രഥിത സമീപനത്തിൽകൂടി കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പരിപാടിയാണിത്. എല്ലാ ജില്ലകളിലെയും 6,7,8 ക്ലാസുകളിലായി തിരഞ്ഞെടുത്ത സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു.

6. ലൈഫ് 24 :

നിത്യ ജിവിതത്തിലെ വെല്ലുവിളികളും ആവശ്യങ്ങളും ഫലപ്രദമായ രീതിയിൽ നേരിടുന്നതിന് വ്യക്തികളെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര ശിക്ഷാ കേരളം നടപ്പിലാക്കുന്ന നൂതനാശയ പദ്ധതിയാണ് ലൈഫ് 24.

7. IDEA (Initiative to Develop Entrepreneurial Attitudes):

സംരംഭകത്വ മനോഭാവം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുന്നതിനും വ്യക്തിപരവും തൊഴിൽ പരവുമായ ജീവിതത്തിൽ സാമ്പത്തിക സാക്ഷരതയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുക, സാമ്പത്തിക മാനേജ്മെന്റിന്റെ തത്വങ്ങൾ കുട്ടികളിലെത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് IDEA ഹയർസെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കി വരുന്ന വിദ്യാർത്ഥികൾ പ്രാദേശിക വിഭവങ്ങളും സാധ്യതകളും കണ്ടെത്തി പുത്തൻ സംരംഭങ്ങൾ സൃഷ്ടിച്ചെടുത്ത് അതിലൂടെ വരുമാനം നേടി സാമ്പത്തിക സുരക്ഷ കൈവരിക്കാനും അതിലൂടെ ജീവിത വിജയം നേടാനും കഴിയുന്ന തരത്തിൽ കുട്ടികളെ ശാക്തികരിക്കുക എന്ന കാലഘട്ടത്തിന്റെ ആവശ്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് ഈ പരിപാടിയിലൂടെ നടത്തിയത്.

8. സ്കൂൾ ഇന്നൊവേഷൻ മാരത്തോൺ:

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ 6 മുതൽ 12 വരെ ക്ലാസിലെ കുട്ടികൾക്കും അധ്യാപകർക്കും സ്കൂൾ ഇന്നൊവേഷൻ മാരത്തോൺ ആശയങ്ങൾ സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. 2024-25 വർഷം ഇന്ത്യയിൽ സ്കൂൾ ഇന്നൊവേഷൻ മാരത്തോൺ സമർപ്പിച്ചതിൽ നിലവിലെ റാങ്കിംഗ് പ്രകാരം നമ്മുടെ സംസ്ഥാനം ഉന്നതശ്രേണിയിലാണ്. വർക്കിംഗ് പ്രോട്ടോ ടൈപ്പുകളുടെ രൂപത്തിൽ നൂതനമായ പരിഹാരങ്ങൾ തിരഞ്ഞെടുക്കുകയും വികസിപ്പിക്കുകയും ചെയ്യുകയാണ് ഈ പ്രോഗ്രാമിന്റെ പ്രധാന ഉദ്ദേശ്യം. കേന്ദ്ര വിദ്യാഭ്യാസ

മന്ത്രാലയം, അടൽ ഇന്നൊവേഷൻ മിഷൻ, നീതി ആയോഗ്, വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഇന്നൊവേഷൻ സെൽ എന്നിവർ സംയുക്തമായിട്ടാണ് സ്കൂൾ ഇന്നൊവേഷൻ ചലഞ്ച് എന്ന നിലയിൽ സ്കൂൾ ഇന്നൊവേഷൻ മാരത്തോൺ, സംഘടിപ്പിച്ചത്.

9. ലിറ്റിൽ കൈറ്റ്സ് :

സാങ്കേതിക പരിജ്ഞാനവും പ്രൊഫഷണൽ മികവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ സ്കൂൾ വിദ്യാഭ്യാസ കാലത്തു തന്നെ അവരുടെ മികവിന് അനുസൃതമായി ആവശ്യമായ പ്രോത്സാഹനം നൽകി പരിപോഷിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ സംസ്ഥാനത്തെ 2220 ഹൈസ്കൂളുകളിൽ 'ലിറ്റിൽകൈറ്റ്സ്' എന്ന പേരിൽ പ്രത്യേക ഐ.ടി. ക്ലാസുകൾ നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ